# സുന്നത്ത് സ്വീകരിക്കാതെ നിവൃത്തിയില്ല

നബിﷺക്കായിരുന്നല്ലോ ഖുർആൻ അവതരിച്ചത്. അതിലെ വിധിവിലക്കുകൾ സ്വീകരിക്കാൻ നബിﷺ സ്വഹാബികളെ ശക്തിയായി ഉദ്ബോധിപ്പിച്ചതനുസരിച്ച് അവർ അക്കാര്യത്തിൽ വളരെ ജാഗ്രത പുലർത്തി. ഓരോ ഖുർആൻ വചനം അവതരിക്കുമ്പോഴും അതിന്റെ വിശദാംശങ്ങൾ പഠിക്കാനും പകർത്താനും വേണ്ടി അവർ പ്രവാചകനെ ശ്രദ്ധിക്കുവാൻ ധൃതി കാണിച്ചു. ഇന്ന് ഒരു മുസ്‌ലിം തന്റെ ജീവിതത്തിൽ അനുഷ്ഠിച്ചു വരുന്ന, അനുഷ്ഠിക്കേണ്ട കർമ്മങ്ങളെ പറ്റിയെല്ലാം ഖുർആനിൽ കൽപ്പനകളുണ്ട്. അവ പക്ഷെ ജീവിതത്തിൽ പ്രാവർത്തികമാക്കുന്നതെങ്ങനെ എന്ന വിശദാംശങ്ങൾ ഖുർആനിലില്ല. ഉദാഹരണമായി നമസ്കാരത്തെ പറ്റി ഖുർആൻ ശക്തമായി കൽപിച്ചിട്ടുണ്ട്. എന്നാൽ അത് എങ്ങനെ, ഏതു ക്രമത്തിൽ, എന്തെല്ലാം പ്രാർത്ഥനകളോടെയാണ് നിർവഹിക്കേണ്ടതെന്ന് ഖുർആനിലില്ല. മുസ്‌ലിംകൾ നിർവഹിച്ചു വരുന്ന ഈ ക്രമം നബിﷺയാണ് പഠിപ്പിച്ചത്. ഇപ്രകാരം നോമ്പും, സക്കാത്തും, ഹജ്ജും, ജീവിത വ്യവഹാരങ്ങളിലുമെല്ലാം എങ്ങനെയെന്ന് മനസ്സിലാക്കാൻ പ്രവാചകന്റെ വാക്കുകളെയും വിശദീകരണങ്ങളെയും പ്രവർത്തനങ്ങളെയും ആശ്രയിക്കാതെ സാധ്യമല്ല. ഖുർആനിലെ ഈ ദൃശകൽപ്പനകളുടെ വിശദാംശങ്ങൾ നബിﷺ പഠിപ്പിക്കുന്നതാവട്ടെ വഹ്‌യ് (ദിവ്യ വെളിപാടി)ന്റെ അടിസ്ഥാനത്തിലാണ് താനും. കാരണം അദ്ദേഹം നിയുക്തനായത് അല്ലാഹുവിന്റെ വിധിവിലക്കുകൾ മനുഷ്യരെ പഠിപ്പിക്കുവാനാണ്.

‘അദ്ദേഹം തന്നിഷ്ടപ്രകാരം സംസാരിക്കുകയില്ല. അത് അദ്ദേഹത്തിന് നൽകപ്പെടുന്ന ദിവ്യബോധനം മാത്രമാണ്’. (സൂറഃ നജ്മ്)

‘തീർച്ചയായും നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതനിൽ ഉത്തമമായ മാതൃകയുണ്ട്. അതായത് അല്ലാഹുവെയും അന്ത്യദിനത്തെയും പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയും അല്ലാഹുവെ ധാരാളമായി ഓർമ്മിക്കുകയും ചെയ്തുവരുന്നവർക്ക്’. (സൂറഃ അഹ്സാബ്: 21)

ഖുർആനിൽ വിശദമായി പറഞ്ഞിട്ടില്ലാത്ത ആരാധനാനുഷ്ഠാനങ്ങളുടെയും ജീവിത നിർദ്ദേശങ്ങളുടേയും വിശദാംശങ്ങൾ പ്രവാചകൻ തന്നെയാണ് പഠിപ്പിക്കേണ്ടത്. അത്

ദൈവീക നിർദ്ദേശങ്ങൾ തന്നെയാണുതാനും. അതിനാൽ നബിചര്യയെ ഒഴിച്ചു നിർത്തി ഖുർആൻ പിൻതുടരുവാൻ വിശ്വാസികൾക്ക് സാധ്യമല്ല. ഖുർആൻ എങ്ങനെ പ്രാവർത്തികമാക്കണമെന്ന് വിശദീകരിക്കുവാനാണ് പ്രവാചകനെ അല്ലാഹു നിയോഗിച്ചിരിക്കുന്നതെന്നും അതിനാൽ അദ്ദേഹത്തെ (നബിചര്യയെ) പിന്തുടരണമെന്നും അല്ലാഹു ഖുർആൻ മുഖേന ഓർമ്മപ്പെടുത്തിയിട്ടുണ്ട്.

'നിനക്കു നാം ഈ ഉദ്ബോധനം (ഖുർആൻ) അവതരിപ്പിച്ചു തന്നിരിക്കുന്നു, ജനങ്ങൾക്കായി അവതരിക്കപ്പെട്ടത് നീ അവർക്ക് വിവരിച്ചു കൊടുക്കാൻ വേണ്ടിയും അവർ ചിന്തിക്കുവാൻ വേണ്ടിയും.' (സൂറഃ നഹ്ൽ: 44)

'അവർ ഏതൊരു കാര്യത്തിൽ ഭിന്നിച്ചിരിക്കുന്നുവോ അതവർക്കു വ്യക്തമാക്കിക്കൊടുക്കാൻ വേണ്ടിയും വിശ്വസിക്കുന്ന ജനങ്ങൾക്ക് മാർഗ ദർശനവും കാരുണ്യവുമായിക്കൊണ്ടും മാത്രമാണ് ഈ വേദം നിനക്കു നാം അവതരിപ്പിച്ചു തന്നത്.' (സൂറഃ നഹ്ൽ: 64)

'ഇല്ല; നിന്റെ നാഥൻ തന്നെ സത്യം. അവർക്കിടയിൽ ഭിന്നത ഉണ്ടായ കാര്യത്തിൽ അവർ നിന്നെ തീർപ്പുകൽപ്പിക്കുന്നവനായി അംഗീകരിക്കുകയും നീ വിധിച്ചതിനെപ്പറ്റി പിന്നീട് അവരുടെ മനസ്സുകളിൽ യാതൊരു വിശമവും തോന്നാതിരിക്കുകയും അത് പൂർണ്ണമായി അനുസരിച്ച് സമ്മതിക്കുകയും ചെയ്യുന്നതുവരെ അവർ വിശ്വാസികളാവികയില്ല തന്നെ.' (സൂറഃ നിസാഅ്: 65)

ഖുർആൻ വിവരിച്ചു കൊടുക്കേണ്ടത് പ്രവാചകന്റെ ബാധ്യതയും പ്രവാചകനെ അംഗീകരിച്ചനുസരിക്കേണ്ടത് വിശ്വാസികളുടെ ബാധ്യതയുമാണെന്ന് വ്യക്തമാക്കുന്ന ഖുർആൻ വചനങ്ങളിൽ ചിലതാണിത്. സുന്നത്തിന്റെ ആധികാരികതയാണിവ സൂചിപ്പിക്കുന്നത്. ഖുർആനിന് പുറമെ മറ്റുചില ജ്ഞാനങ്ങളും (ഹിക്മത്) അല്ലാഹു പ്രവാചകന് അവതരിപ്പിച്ചിട്ടുണ്ടെന്ന് അല്ലാഹു സൂചിപ്പിക്കുന്നത് കാണുക.

'നിശ്ചയം സത്യവിശ്വാസികളിൽ അവരിൽ നിന്നുള്ള ഒരു ദൂതനെ നിയോഗിക്കുക വഴി അല്ലാഹു മഹത്തായ അനുഗ്രഹമാണ് അവർക്ക് നൽകിയിട്ടുള്ളത്. അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ അവർക്ക് ഓതിക്കേൾപ്പിക്കുകയും അവരെ സംസ്കരിക്കുകയും അവർക്ക് ഈ ഗ്രന്ഥവും ജ്ഞാവും പഠിപ്പിക്കുകയും ചെയ്യുന്ന ഒരു ദൂതനെ. അവരാകട്ടെ ഇതിനുമുമ്പ് വ്യക്തമായ വഴികേടിലായിരുന്നു.' (സൂറഃ ആലുഇംറാൻ: 164)

ഇവിടെ പരാമർശിച്ച 'ഹിക്മത്ത്' എന്ന പദം സുന്നത്തിനെപ്പറ്റിയാണ് എന്ന അഭിപ്രായമാണ് അധിക പണ്ഡിതൻമാർക്കുമുള്ളത്.

മിക്ദ്ദിദ് ബ്നു മഅ്ദീകരിബﷺയിൽ നിന്ന് അബൂദാവൂദ് ഉദ്ധരിക്കുന്നു: നബിﷺ പറഞ്ഞു: 'അറിയുക- എനിക്ക് ഈ ഗ്രന്ഥവും പുറമെ അതിന് തുല്യമായതും നൽകപ്പെട്ടിരിക്കുന്നു.'

അല്ലാഹുവിനെ അനുസരിക്കുക എന്ന കൽപ്പനയോടൊപ്പം തന്നെ പ്രവാചകനെയും അനുസരിക്കുവാൻ അല്ലാഹു കൽപ്പിച്ചിരിക്കുന്നുവെന്നത് പ്രവാചകചര്യ ഒഴിച്ചു നിർത്തിയുള്ള ഇസ്‌ലാം പൂർണ്ണമല്ലെന്നതിൻെറ വ്യക്തമായ തെളിവാണ്.

'നിങ്ങൾ അല്ലാഹുവിനേയും റസൂലിനെയും അനുസരിക്കുക, നിങ്ങൾ അനുഗ്രഹീതരായേക്കാം.' (സൂറഃ ആലുഇംറാൻ: 132)

'നിങ്ങൾക്കു ജീവൻ നൽകുന്ന കാര്യത്തിലേക്കു നിങ്ങളെ വിളിക്കുമ്പോൾ സത്യവിശ്വാസികളേ നിങ്ങൾ അല്ലാഹുവിന്നും റസൂലിന്നും ഉത്തരം നൽകുക.' (സൂറഃ അൻഫാൽ: 24)

'റസൂലിനെ ആർ അനുസരിക്കുന്നുവോ അവർ തീർച്ചയായും അല്ലാഹുവിനെ അനുസരിച്ചു.' (സൂറഃ നിസാഅ്: 80)

'പറയുക: നിങ്ങൾ അല്ലാഹുവെ സ്നേഹിക്കുന്നുവെകിൽ എന്നെ നിങ്ങൾ പിന്തുടരുക. എകിൽ അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ പാപങ്ങൾ പൊറുത്തു തരികയും ചെയ്യുന്നതാണ്.' (സൂറ: ആലുഇംറാൻ: 31)

പ്രവാചകചര്യക്ക് വിരുദ്ധമായി വർത്തിക്കുന്നത് ധിക്കാരവും അവിശ്വാസവും കാപട്യത്തിൻെറ ലക്ഷണവുമൊക്കെയാണെന്നും അല്ലാഹു പറഞ്ഞിരിക്കുന്നു.

'അതിനാൽ അദ്ദേഹത്തിൻെറ കൽപനക്ക് എതിരു പ്രവർത്തിക്കുന്നവർ അവർക്ക് വല്ല ആപത്തും വന്നുഭവിക്കുകയോ വേദനയേറിയ ശിക്ഷ ബാധിക്കുകയോ ചെയ്യുന്നത് സൂക്ഷിച്ചുകൊള്ളട്ടെ.' (സൂറഃ നൂർ: 63)

'പറയുക: നിങ്ങൾ അല്ലാഹുവിനേയും റസൂലിനേയും അനുസരിക്കുവിൻ. ഇനി അവർ പിന്തിരിഞ്ഞു കളയുന്നപക്ഷം അല്ലാഹു ആ സത്യ നിഷേധികളെ സ്നേഹിക്കുന്നതല്ല, തീർച്ച.' (സൂറഃ ആലുഇംറാൻ: 32)

അല്ലാഹുവും അവൻെറ റസൂലും ഒരു കാര്യത്തിൽ തീരുമാനമെടുത്തുകഴിഞ്ഞാൽ സത്യവിശ്വാസിയായ ഒരു പുരുഷനാകട്ടെ സ്ത്രീക്കാകട്ടെ തങ്ങളുടെ കാര്യത്തെപ്പറ്റി സ്വതന്ത്രമായ ഒരഭിപ്രായം ഉണ്ടായിരിക്കാൻ പാടില്ല. വല്ലവനും അല്ലാഹുവെയും അവൻെറ ദൂതനെയും ധിക്കരിക്കുന്ന പക്ഷം അവൻ വ്യക്തമായ നിലയിൽ വഴിപിഴച്ചുപോയിരിക്കുന്നു.' (സൂറഃ അഹ്സാബ്: 36)

അഭിപ്രായവ്യത്യാസമുള്ള സന്ദർഭങ്ങളിൽ അല്ലാഹുവിൻെറയും റസൂലിൻെറയും തീർപ്പ് അംഗീകരിക്കാത്തവർ വിശ്വാസികളല്ലെന്നും മറിച്ച് അവർ കപടൻമാരാണെന്നും അല്ലാഹു താക്കീത് നൽകിയിരിക്കുന്നു.

'അവർ പറയുന്നു: ഞങ്ങൾ അല്ലാഹുവിലും റസൂലിലും വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നുവെന്ന്. പിന്നെ അതിന് ശേഷവും അവരിൽ ഒരു വിഭാഗമതാ പിൻമാറിപ്പോകുന്നു. അവർ വിശ്വാസികളല്ല തന്നെ. അവർക്കിടയിൽ (റസൂൽﷺ) തീർപ്പു കൽപ്പിക്കുന്നതിനായി അല്ലാഹുവിലേക്കും അവൻെറ റസൂലിലേക്കും അവർ വിളിക്കപ്പെട്ടാൽ അപ്പോഴതാ അവരിൽ ഒരു വിഭാഗം തിരിഞ്ഞു കളയുന്നു... തങ്ങൾക്കിടയിൽ (റസൂൽﷺ) തീർപ്പു കൽപ്പിക്കുന്നതിനായി അല്ലാഹുവിലേക്കും റസൂലിലേക്കും വിളിക്കപ്പെട്ടാൽ സത്യവിശ്വാസികളുടെ വാക്ക് ഞങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു എന്ന് പറയുക മാത്രമായിരിക്കും. അവർ തന്നെയാണ് വിജയികളും.' (സൂറ: നൂർ: 47, 48, 51)

(ഇൻസാഫ് പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ച സ്വഹീഹ് മുസ്ലിമിൻെറ ആമുഖത്തിൽ നിന്ന്)